(ബി) നിലവിൽ സ്ഥല സൗകര്യമില്ലാത്തതിന്റെ പേരിൽ ഒരേ ഡിപ്പാർട്ട്മെന്റിന്റെ വിവിധ വിഭാഗങ്ങളും ഉന്നത ഉദ്യോഗസ്ഥരും പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നത് കാര്യക്ഷമതയെയും സൗകര്യങ്ങളെയും ദോഷകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) പുതിയ അനക്സ് കെട്ടിടം പൂർത്തിയാവുന്നതോടെ ഓരോ വകുപ്പും വകുപ്പുതലവന്മാരുടെ ഓഫീസുകളുൾപ്പെടെ ഒരു ബ്ലോക്കിൽത്തന്നെ സ്ഥിരമായി സ്ഥാപിക്കാൻ വേണ്ട നടപടികൾ കൂടി സ്വീകരിക്കുമോ ;

ഉത്തരം

(എ) സെക്രട്ടേറിയറ്റിന് വേണ്ടി പണിയുന്ന പുതിയ അനക്സ് II കെട്ടിടത്തിന്റെ പണി 2015 ഏപ്രിൽ മാസം അവസാനത്തോടെ പൂർത്തിയാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇല്ല.

(സി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

നവരത്ന പദ്ധതി ചെലവ്

7 (3638) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന നവരത്ന പദ്ധതികൾക്കായി ഓരോന്നിനും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇത് ഏതൊക്കെ കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും പദ്ധതി തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ആകെ നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും അതിൽ ചെലവഴിക്കാൻ ബാക്കിയെത്രയെന്നും പദ്ധതിതിരിച്ച് വിവരം നൽകാമോ ;

(സി) ചെലവഴിക്കാനായി തുക മിച്ചം വന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) നവരത്ന പദ്ധതികൾ താഴെ പറയുന്നവയാണ് :

1. കൊച്ചി മെട്രോ
2. സ്മാർട്ട് സിറ്റി
3. വിഴിഞ്ഞം തുറമുഖം
4. കണ്ണൂർ വിമാനത്താവളം

LIBRARY ARCHIVES Kerala Legislative Assembly

5. ദേശീയ ജലപാതകൾ

6. തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതി

7. സബ് അർബൻ റെയിൽവെ

8. ദേശീയപാത വികസന പദ്ധതി

9. യുവജന സംരംഭകത്വം

ഇവയിൽ തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ, സബ് അർബൻ റെയിൽവെ, ദേശീയ പാതാ വികസനം, യൂത്ത് എന്റർപ്രണർഷിപ്പ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്മാർട്ട് സിറ്റി പദ്ധതിയിൽ 246 ഏക്കർ ഭൂമി ടി കോമിന് സംസ്ഥാന വിഹിതമായി കൈമാറിയിട്ടുണ്ട്. കൊച്ചി മെട്രോ പദ്ധതിക്ക് 11/14 വരെ 231.43 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിനായി ഇതുവരെ 49.13 കോടി രൂപ ഭൂമിക്കും അടിസ്ഥാന സൗകര്യങ്ങൾക്കുമായി ചെലവാക്കിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിക്കായി ഭൂമിക്കും അടിസ്ഥാന സൗകര്യങ്ങൾക്കും കൺസൾട്ടൻസി പദ്ധതി പഠനം എന്നിവക്കുമായി 627.96 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

ഫ്രണ്ട് ഓഫീസ് സംവിധാനം

8 (3639) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തുമോ ;

(ബി) സെക്രട്ടേറിയറ്റിൽ എത്തുന്ന പൊതുജനങ്ങൾക്ക് സെക്ഷനുകളിൽ കയറിയിറങ്ങിയുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് ഇതുവഴി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly